**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോർപ്പറേഷനുകളിലെയും മുൻസിപ്പാലിറ്റികളിലെയും താൽകാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിലെ നിലവിലുള്ള 295 തൽകാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിൽ ഉള്ള ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ആകുന്നു.** |
| (ബി) | പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഡിപ്ലോമ അടിസ്ഥാന യോഗ്യത ആയിട്ടുള്ള തസ്തികകൾക്ക് തിരുവനന്തപുരം മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കും ഡിഗ്രി അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾക്ക് തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കും യോഗ്യരായ അപേക്ഷകരുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ മറ്റ് കോർപ്പറേഷനുകളിലെയും മുൻസിപ്പാലിറ്റികളിലെയും താൽകാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകളിലേയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത റഗുലർ വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കായി പി.എസ്.സി. യിൽ നിന്നുള്ള NAC നൽകിവരുന്നുണ്ട്. 26.02.2016 ലെ GO (P) 28/16/Fin, 28.04.2017 ലെ GO (P) 56/17/Fin എന്നീ നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക നിയമനം നടത്തുന്നതിനാണ് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ